# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6310 08.07.2014-ൽ മറുപടിയ്ക്ക്**

**ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിന്റെയും അമൂല്യ നിധികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള പോലീസിനെ ഏല്പിച്ചിട്ടുണ്ട്. 2011-ലെ കേരളാ പോലീസ് ആക്ട് സെക്ഷൻ 83 (1)-ന്റെ അടിസ്ഥാനത്തിൽ ക്ഷേത്രവും ക്ഷേത്ര പരിസരവും പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസ് ഡെപ്യൂട്ടി കമ്മീഷണറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ കീഴിൽ ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര സുരക്ഷാ വിഭാഗം എന്നൊരു പ്രത്യേക വിഭാഗം കേരളാ പോലീസിൽ രൂപീകരിക്കുകയും ഇതിലേയ്ക്കായി 253 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രത്തിന് അകത്തും പുറത്തും സായുധ കമാന്റോകളെ സുരക്ഷയ്ക്കായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ, കൺട്രോൾ റൂം സ്ഥാപിച്ച് 24 മണിക്കൂർ നിരീക്ഷണം ക്ഷേത്രത്തിന് പുറത്ത് പട്രോളിംഗ്, വാഹന പരിശോധന, പാർക്കിംഗ് കേന്ദ്രങ്ങളിൽ നിരീക്ഷണം എന്നിവയും നടത്തി വരുന്നു. അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ത്രിതല സുരക്ഷാ സംവിധാനം ക്ഷേത്ര പരിസരത്ത് ഒരുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത ത്രിതല ക്ഷേത്ര സുരക്ഷ ഉറപ്പാക്കുന്നതിനും അതിനുള്ള സംവിധാനങ്ങളുടെ പരിശോധനയും മറ്റും നടത്തുന്നതിലേക്കായി വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അത്യാധുനിക ഉപകരണങ്ങൾ ക്ഷേത്ര പരിസരത്ത് സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എന്നു മുതലാണ് ക്ഷേത്ര സുരക്ഷ സർക്കാർ ഏറ്റെടുത്തതെന്നും സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ ? | (ബി) | ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07/2011 മുതലാണ് ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ ചുമതല സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ക്ഷേത്രത്തിൽ Integrated Security System ഒരുക്കുന്നതിന് ആദ്യപാദത്തിലേയ്ക്കായി 9,80,19,715/- രൂപയും രണ്ടാം പദത്തിലേയ്ക്കായി 3,66,40,020/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് മൂന്ന് ഘട്ടങ്ങളിലായാണ് പൂർത്തിയാക്കുന്നത്. |

സെക്ഷൻ ഓഫീസർ